# SSLC PRE MODEL EVALUATION 2023 MPM 101A

## അടിസ്ഥാനപാഠാവലി

PART B

Time:45 mts Total Score: 20

**1 മുതൽ 3 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക 1 സ്കോർ വീതം**

1.'ഈ പറമ്പിലിനി വല്ലതുമെണ്ടോ ബാക്കി ?എന്തു നട്ടാലും നശിപ്പിക്കുന്ന ഒരു കോഴി' വരികളിൽ തെളിയുന്ന മനോഭാവം

( a.ആശ്വാസം b.അമർഷം c.സന്തോഷം d.പരിഹാസം)

2. നൂറ്റാണ്ടുകളായി ചവിട്ടിമെതിക്കപെട്ടു കിടന്ന മനുഷ്യത്വം.__അടിവരയിട്ട പദം പിരിച്ചെഴുതിയാൽ

(a.നൂറ്റാണ്ടുകൾ,ആയി,b.നൂറ്റാണ്ടുകൾ,യായി,c.നൂറ്റാണ്ടുകൾ,മായി,d.നൂറ്റാണ്ടും,ആയി)

3.പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചതു കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്..പ്രസ്താവന സൂചിപ്പിക്കുന്നത്

(a.പത്രങ്ങളെ വിശ്വസിക്കണം b.പത്രങ്ങൾ പഠിപ്പിക്കുന്നു c പത്രങ്ങൾ സേവനങ്ങൾ ചെയ്യുന്നു d.പത്രങ്ങളെ വിശ്വസിക്കാൻ കഴിയില്ല)

**4 മുതൽ 6 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2 സ്കോർ വീതം)**

4.'സത്യം കണ്ട് പിടിക്കാൻ പല അടവുകളും നോക്കേണ്ടി വരും;ഗുണിക്കൽ,ഹരിക്കൽ,അഭ്യൂഹം,ഭാവന തുടങ്ങി പലതും.'പത്രത്തെകുറിച്ചുള്ള സുകുമാർ അഴീക്കോടിൻെറ വാക്കുകൾ നൽകുന്ന രണ്ട് സൂചനകൾ എഴുതുക

5.**അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമായി മാററി എഴുതുക**

"ശ്രീനാരായണ ഗുരു ബഹുലക്ഷം ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ പ്രകാശം പരത്തി.അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി."

6.'ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയംവെക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു.' **ഉള്ളിൽ തീയായിരുന്നു** എന്ന പ്രയോഗം നൽകുന്ന രണ്ട് അർത്ഥതലങ്ങൾ കുറിക്കുക

**(7 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 4 സ്കോർവീതം)**

7."പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു "

പത്രമാധ്യമങ്ങളെക്കുറിച്ചുള്ള ലേഖകൻെറ നിരീക്ഷണങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം യുക്തിപൂർവ്വം സമർത്ഥിക്കുക

8.രണ്ട് അയൽപക്ക കുടുംബങ്ങൾ തമ്മിലുള്ള കലഹങ്ങൾക്കുമപ്പുറം സമ്പത്തിൻെറയും മൂല്യങ്ങളുടെയും സംഘർഷമാണ് കോഴിയും കിഴവിയും എന്ന കഥ പറയുന്നത് .കഥയുടെ പ്രമേയം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക

9.'നെനക്കറിയാലോ,കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചീട്ടില്ല്യ.നമ്മുടെ നല്ലകാലത്ത് അവറ്റെയൊക്കെ നല്ലപെടപെടച്ചട്ടാ ഞാൻ വളർത്തീരിക്കണത്...എന്താ കാരണം? തല്ലി വളർത്തണം കുട്ട്യോളെ.'ചെമ്പു മത്തായിയുടെ ഈ നിലപാടിനോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക

**10 മുതൽ 11 വരെ ചോദ്യങ്ങളിൽ ഒന്നിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 6 സ്കോർ**

10. "മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി"-പ്രസ്താവന വിലയിരുത്തി ശ്രീ നാരായണ സന്ദേശങ്ങളുടെ സമകാലിക പ്രസക്തി എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക

11 സാമ്പത്തിക അതിമോഹങ്ങൾ സംഘർഷങ്ങൾക്ക് കാരണമാവുന്നുണ്ടോ ? കോഴിയും കിഴവിയും എന്ന പാഠഭാഗത്തെയും സമകാലിക സംഭവങ്ങളെയും പരിഗണിച്ച് ഉപന്യാസം തയ്യാറാക്കുക